ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:02.05.2025

## പ്രധാനവാർത്തകൾ

1) കേരളത്തെ ആഗോള മാരിടൈം ശൃംഖലയുടെ സുപ്രധാന കേന്ദ്രമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നാടിനു സമർപ്പിച്ചു.
2) വിഴിഞ്ഞം തുറമുഖ പദ്ധതിയിലൂടെ 5000 ലധികം തൊഴിലവസരങ്ങൾ ലഭ്യമാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.
3) സംസ്ഥാനത്തെ ജയിലുകളിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത സംബന്ധിച്ച് ജയിൽ ഡയറക്ടർ ജനറലിന് നോട്ടീസ് അയച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ.
4) കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേള മുഖ്യമന്ത്രി നാളെ കോഴിക്കോട് ഉദ്ഘാടനം ചെയ്യും.
5) ഡെങ്കിപ്പനി, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നിവക്കെതിരെ ജാഗ്രത നിർദേശവുമായി ആരോഗ്യ വകുപ്പ്.
6) സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്; എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNU TVPM

&&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി-ആന്ധ്രാപ്രദേശ്

കഴിഞ്ഞ 10 വർഷമായി ഇന്ത്യയിൽ ഭൗതിക, ഡിജിറ്റൽ, സാമൂഹിക അടിസ്ഥാന സൗകര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വികസനമാണ് നടന്നു വരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അടിസ്ഥാന സൗകര്യങ്ങൾ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു. ആന്ധ്രാപ്രദേശിലെ അമരാവതിയിൽ 58,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

&&&&&&&&&&&&&&&&&&&

RNUTVPM

## വിഴിഞ്ഞം- പ്രധാനമന്ത്രി-ഇൻട്രോ

സംസ്ഥാന സർക്കാരുമായി സഹകരിച്ച് കേരളത്തെ ആഗോള മാരിടൈം ശൃംഖലയുടെ പ്രധാന കേന്ദ്രമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ സമുദ്ര അടിസ്ഥാന സൗകര്യ വികസനത്തിലെ സുപ്രധാന പുരോഗതിയാണ് വിഴിഞ്ഞം തുറമുഖമെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ ആദ്യത്തെ സെമി-ഓട്ടോമേറ്റഡ്, അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖമായ വിഴിഞ്ഞം നാടിനു സമർപ്പിക്കുകയായിരുന്നു അദ്ദേഹം.

നവയുഗ വികസനത്തിന്റെ മികച്ച മാതൃകയായ വിഴിഞ്ഞം രാജ്യത്തിനും കേരളത്തിനും വലിയ സാമ്പത്തിക സ്ഥിരതയും നേട്ടങ്ങളും കൊണ്ടുവരുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**( വോയിസ്.....)**

&&&&&&&&&&&&&&&&&&&

**വിഴിഞ്ഞം -മുഖ്യമന്ത്രി-ഇൻട്രോ**

മൂന്നാം സഹസ്രാബ്ദത്തിലെ വികസന സാധ്യതകളിലേക്കുള്ള കവാടമാണ് വിഴിഞ്ഞം തുറമുഖത്തിലൂടെ തുറന്നിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടന ചടങ്ങിൽ പറഞ്ഞു. ജനങ്ങളുടെ ഐക്യമാണ് ഇത്തരം പദ്ധതികളുടെ വിജയത്തിന് പിന്നിലെന്നും 5000 ലധികം തൊഴിലവസരങ്ങളാണ് വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് നേരിട്ട് ലഭ്യമാകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(വോയിസ്)**

&&&&&&&&&&&&&&&&&&&

**ദേശീയ മനുഷ്യാവകാശ കമ്മീഷൻ**

സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ കേരളത്തിലെ ജയിൽ ഡയറക്ടർ ജനറലിന്

RNUTVPM

നോട്ടീസ് അയച്ചു. മാധ്യമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയായിരുന്നു. തടവുകാർക്ക് വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും മനുഷ്യ വിഭവശേഷിയുടെയും അഭാവം സംബന്ധിച്ച് നോട്ടീസിൽ പറയുന്നു. നാലാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**വേവ്സ്**

മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025ൻറെ ഭാഗമായി സംഘടിപ്പിച്ച ആഗോള മാധ്യമ സംവാദം മികച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. 77 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് മാധ്യമ ഉച്ചകോടിയുടെ ഭാഗമായത്.

( MUSIC……)

കേന്ദ്രമന്ത്രിമാരായ എസ് ജയ്ശങ്കർ, അശ്വിനി വൈഷ്ണവ് തുടങ്ങിയവരും മാധ്യമ സംവാദത്തിൽ പങ്കെടുത്തു. പാരമ്പര്യം, പൈതൃകം എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനുള്ള വേവ്സ് പ്രഖ്യാപനവും ഉച്ചകോടിയിൽ അംഗീകരിച്ചു. തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നത് തടയുന്നതിനും മാധ്യമ സമഗ്രത, വസ്തുതാധിഷ്ഠിത

RJUTVPM

പത്രപ്രവർത്തനം, ഉത്തരവാദിത്തമുള്ള പരസ്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ധാരണയായി.

( MUSIC......)

&&&&&&&&&&&&&&&&&&

## ദേശീയ സരസ് മേള

കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളക്ക് കോഴിക്കോട് ബീച്ചിൽ തുടക്കമായി. ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ, നാളെ നിർവഹിക്കും. 15 സംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരത്തിലേറെ സംരംഭകർ പങ്കെടുക്കും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രുചിവൈവിധ്യങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷ്യമേള, ഗ്രാമീണ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേള, സാംസ്കാരിക പരിപാടികൾ തുടങ്ങിയവയും ഒരുക്കിയിട്ടുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&

## മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത്, ഡെങ്കിപ്പനി, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നിവ വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഈ മാസം 15നകം മൈക്രോ പ്ലാൻ തയ്യാറാക്കണം. തദ്ദേശ സ്ഥാപനങ്ങൾ കൃത്യമായ

കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തണമെന്നും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ രോഗങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി നിർദേശം നൽകി. പേവിഷബാധക്കെതിരെയുള്ള പ്രതിരോധ വാക്സിനുകളുടെ ഗുണഫലവും ലഭ്യതയും എല്ലായിടത്തും ഉറപ്പാക്കണമെന്നും ശ്രീമതി വീണാ ജോർജ് നിർദേശിച്ചു.

&&&&&&&&&&&&&&&&&&

**കുളമ്പുരോഗ പ്രതിരോധം**

കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് പദ്ധതിയുടെ ആറാം ഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി .ജെ.ചിഞ്ചുറാണി കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നിർവഹിച്ചു. ഈ മാസം 23 വരെയുള്ള 18 പ്രവൃത്തി ദിവസം കൊണ്ട് യജ്ഞം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു, എരുമ വർഗ്ഗത്തിൽപ്പെട്ട മുഴുവൻ കന്നുകാലികൾക്കും സൗജന്യമായാണ് പ്രതിരോധ കുത്തിവെപ്പ് നൽകുന്നത്.

&&&&&&&&&&&&&&&&&&

**ജെ ചിഞ്ചുറാണി**

ചിപ്പ് ഘടിപ്പിച്ച ഇ-സമൃദ്ധ ഹെൽത്ത് കാർഡ് പശുക്കൾക്ക് ഏർപ്പെടുത്തുന്ന പദ്ധതിയുടെ ആദ്യഘട്ടം പത്തനംതിട്ടയിൽ

RNU TVPM

നടപ്പാക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. മിൽമയുടെ പുതിയ സാമ്പത്തിക വർഷത്തെ ക്ഷീര കർഷക ക്ഷേമ പദ്ധതി ആസൂത്രണ മാർഗരേഖ കോഴിക്കോട് പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി. 2030 ഓടെ സംസ്ഥാനത്ത് നിന്ന് കുളമ്പ് രോഗം നിർമാർജനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ഐപിഎൽ ടി20 ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. അഹമ്മദാബാദിൽ രാത്രി 7.30 നാണ് മത്സരം.

RNU TVPM

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ് അക്കാദമി

ഇടുക്കിയിൽ പുതിയ ക്രിക്കറ്റ് അക്കാദമി ആരംഭിക്കാനൊരുങ്ങി കേരള ക്രിക്കറ്റ് അസോസിയേഷൻ. ഇടുക്കി അക്കാദമിയിലേയ്ക്കുള്ള ജില്ലാതല സെലക്ഷൻ ഈ മാസം ആരംഭിക്കും. കൊല്ലം എഴുകോണിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ നിർമിക്കുന്ന സ്റ്റേഡിയത്തിൻറെ നിർമ്മാണോദ്ഘാടനവും ഈ മാസം നടക്കും.

&&&&&&&&&&&&&&&&&&

## ഡ്രൈവ് ഇൻ -ബീച്ച്-ഇൻട്രോ

ഏഷ്യയിലെ തന്നെ ഏറ്റവും നീളമേറിയ ഡ്രൈവ് ഇൻ ബീച്ചായ കണ്ണൂർ മുഴപ്പിലങ്ങാട് ബീച്ചിൻ്റെ ഒന്നാം ഘട്ട നവീകരണ പ്രവർത്തി പൂർത്തിയായി. നവീകരിച്ച ബീച്ച് മറ്റന്നാൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..........***

***(വോയിസ്)***

&&&&&&&&&&&&&&&&&&

RNU TVPM

## കാലാവസ്ഥ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. രാത്രി എട്ടു മണി വരെ തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അതിതീവ്രമഴക്കുള്ള ചുവപ്പു ജാഗ്രതയും നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## അരുവിക്കര ഡാം

തിരുവനന്തപുരത്ത് അരുവിക്കര ഡാമിൻ്റെ വൃഷ്ടി പ്രദേശത്ത് മഴ തുടരുന്നു. ഡാമിന്റെ ഒന്നു മുതൽ അഞ്ച് വരെയുള്ള ഷട്ടറുകൾ ഉയർത്തുന്നതിനാൽ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിയ്ക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**ഓഹരി**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 260 പോയിൻറ് ഉയർന്ന് 80,502 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 13 പോയിൻറ് നേട്ടത്തിൽ 24,347-ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കുറഞ്ഞു. പവന് 160 രൂപ കുറഞ്ഞ് 70,040 രൂപയും ഗ്രാമിന് 8,755 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**പിവി അൻവർ**

മുൻ എംഎൽഎ പിവി അൻവറിനെ മുന്നണിയുമായി സഹകരിപ്പിക്കുന്ന വിഷയം കോഴിക്കോട് യുഡിഎഫ് സംസ്ഥാന ഏകോപന സമിതി യോഗം ചർച്ച ചെയ്തു. ഹൈക്കമാൻഡുമായി ചർച്ച നടത്തി തീരുമാനം എടുക്കാൻ പ്രതിപക്ഷ നേതാവിനെ ചുമതലപ്പെടുത്തിയതായി

RNU TVPM

യുഡിഎഫ് കൺവീനർ എം എം ഹസ്സൻ അറിയിച്ചു. എല്ലാ ഘടക കക്ഷികളുമായും പ്രതിപക്ഷ നേതാവ് ചർച്ച നടത്തുമെന്ന് യുഡിഎഫ് കൺവീനർ പറഞ്ഞു.

&&&&&&&&&&&&&&&&&&&

**പ്രിയങ്ക ഗാന്ധി**

പ്രിയങ്ക ഗാന്ധി എം.പി. നാളെ വയനാട്ടിലെത്തും. ഈ മാസം അഞ്ചു വരെ ശ്രീമതി പ്രിയങ്ക വയനാട് സന്ദർശിക്കും. നാളെ കരിപ്പൂർ വിമാനത്താവളത്തിലെത്തുന്ന പ്രിയങ്ക ഗാന്ധി എം.പി മണ്ഡലത്തിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

**ഹൈക്കോടതി - സിപിഐഎം**

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് സിപിഐഎം തൃശൂർ ജില്ലാ അക്കൗണ്ടിൽ നിന്ന് ഒരു കോടി രൂപ പിടിച്ചെടുത്ത ആദായനികുതി വകുപ്പിന്റെ നടപടി ഹൈക്കോടതി ശരിവെച്ചു. നടപടിക്കെതിരെ സിപിഎം തൃശ്ശൂർ ജില്ലാ സെക്രട്ടറി എം എം വർഗീസ് നൽകിയ ഹർജി തള്ളിയാണ് ഹൈക്കോടതി ഉത്തരവ്.

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&

RNUTVPM

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM